# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2068 — 07.12.2015-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | 'ഓപ്പറേഷൻ കുബേര'ക്കുശേഷവും കൊള്ളപ്പലിശക്കാരും, വട്ടിപ്പലിശക്കാരും രംഗത്തുണ്ടോ ; | (എ) | ഓപ്പറേഷൻ കുബേരക്കുശേഷവും കൊള്ളപ്പലിശക്കാരുടെയും വട്ടിപലിശക്കാരുടെയും ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അടുത്ത ദിവസം പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തിനടുത്ത് ഇതുമായി ബന്ധപ്പെട്ട് യുവാവ് ജീവനൊടുക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സതീഷ് s/o കിട്ടു എന്നയാൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത വിവരം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത് ; | (സി) | ഉണ്ട്. ഇത് സംബന്ധിച്ച് കുഴൽമന്ദം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ.894/2015 u/s 174 Cr.P.C പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുള്ളതും, മൃതദേഹത്തിൽ നിന്നും ആത്മഹത്യ കുറിപ്പ് ലഭിച്ചത് പ്രകാരം സെക്ഷൻ 306 ഐ.പി.സി. ആയി കേസ് മാറ്റി പ്രതികളായ (1) കൃഷ്ണൻ@ കാട കൃഷ്ണൻ (2) ഷിനു s/o കൃഷ്ണൻ എന്നിവരെ അറസ്റ്റ് ചെയ്ത് റിമാന്റിൽ പാർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും അമിത പലിശക്കാരെ അമർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ